കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നന്നംമുക്ക് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2016-17


ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.16/2219/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തിയ്യതി :13.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നന്നംമുക്ക് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നന്നംമുക്ക് ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 22,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

abk.11/17

നം. കെ.എസ്.എ.എം.പി.എം 16/2219/2017

തിയ്യതി: 13.11.2017

## <u>മലപ്പുറം ജില്ലയിലെ നന്നംമുക്ക് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ നന്നംമുക്ക് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-11-2016 മുതൽ 12-09-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടി ലഭിച്ചിട്ടില്ല. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

-------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 13-09-2017 മുതൽ 25-09-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ .ബേബി.പി.വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.അബ്ദുൽ റഷീദ് എം പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് ഫാസിൽ ടി ടി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.ടി സത്യൻ | 01.04.2016 മുതൽ 31.03.2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.കെ കെ രാജൻ | 01.04.2016 മുതൽ 31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. മണികണ്ഠൻ ടി | 01.04.2016 മുതൽ 31.13.2017 വരെ |
| അസി. എഞ്ചിനിയർ | ശ്രീ പ്രതീഷ് കുമാർ | 01.04.2016 മുതൽ 07.09.2016 വരെ |
| | ശ്രീ. രാജീവ് പി ഡി | 08.09.2016 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ബിജു കെ | 01.04.2016 മുതൽ 02.12.2016 വരെ |
| | ശ്രീ ശരത് ബാബു ആർ | 03.12.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ. അശ്വതിദേവ് | 01.04.2016 മുതൽ 30.09.2016 വരെ |
| | ശ്രീമതി. ലാമിന വി | 01.10.2016 മുതൽ 21.11.2016 വരെ |
| | ശ്രീമതി. ജസി | 22.11.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.നഹീൽ | 01.04.2016 മുതൽ 14.12.2016 വരെ |
| | ഡോ. സ്മിജിഷ എ എസ് | 15.12.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. അദീബ യാസിൻ കെ ടി | 01.04.2016 മുതൽ 25.02.2017 വരെ |
| | ശ്രീമതി. സൗദാബി കെ | 26.02.2017 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ് | ശ്രീമതി. സീമാന്ദിനി എം കെ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.നിഗർ കാസിം | 01.04.2016 മുതൽ 12.07.2016 വരെ |
| | ഡോ.ബിന്ദു | 13.07.2016 മുതൽ 15.08.2016 വരെ |
| | ഡോ.സജിൻ ലാൽ വി | 16.08.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.പ്രസന്ന കുമാരി | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ടി ഹരി | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 12 | 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല | 2-1 | |
| 13 | വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടാവുന്നു | 2-2 | |
| 14 | മൊബൈൽ ടവറ്- വസ്തു നികുതി ഈടാക്കുന്നില്ല | 2-3 | |
| 15 | വില്ലേജ് ഓഫീസ് - വസ്തു നികുതി നിർണയത്തിലെ അപാകത | 2-4 | |
| **ഭാഗം III**<br>**ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ** | | | |
| 16 | ശുചിത്വ മഹത്വം സുജീവിതം - മാലിന്യ നിർമ്മാർജ്ജനത്തിന് നല്ല മാതൃക | 3-1 | |
| 17 | കാരുണ്യം പാലിയേറ്റീവ് ക്ലീനിക്കിന് മരുന്ന് വാങ്ങൽ - | 3-2 | |

| | | | |
|---|---|---|---|
| | മരുന്നുകൾ ലഭ്യമായിട്ടില്ല. | | |
| 18 | പരിരക്ഷ പദ്ധതി - പൊതു അപാകതകൾ സംബന്ധിച്ച് | 3-3 | |
| 19 | ലോഗ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല. | 3-4 | |
| 20 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-5 | |
| 21 | പ്രതിരോധ കുത്തിവെപ്പിനും ആരോഗ്യപ്രവർത്തനങ്ങൾക്കും വാഹന ചെലവ് നൽകൽ -മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ചെലവ് | 3-6 | |
| 22 | ആശ്രയ അക്കൗണ്ടിൽ വൻതുക നീക്കിയിരിപ്പ്. | 3-7 | |
| 23 | തെരുവു നായ നിയന്ത്രണ പദ്ധതി- വിനിയോഗ വിവരം ലഭ്യമല്ല | 3-8 | |
| 24 | പ്രൈമറി സ്കൂളുകൾക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും പൊതു അപാകതകൾ | 3-9 | |
| 25 | വികസന ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കാൻ പാടില്ലാത്ത ഇനം ചെലവുകൾ അംഗീകരിക്കുന്നില്ല | 3-10 | |
| 26 | ഗ്രോബാഗ് പച്ചക്കറികൃഷി ചെലവു രേഖകൾ ഹാജരാക്കിയില്ല | 3-11 | |
| 27 | ഇടമ്മനപ്പടി കോളണി വാട്ടർ സപ്ലൈ സ്കീം-മുൻകൂർ തുക 9.7 ലക്ഷം ക്രമീകരിക്കാൻ അവശേഷിക്കുന്നു | 3-12 | |
| 28 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന് ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. | 3-13 | |
| | ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 32 | വായ്പ . വായ്പ തിരിച്ചടവ് | 4-4 | |
| 33 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 34 | ഓഡിറ്റ് റിക്കവറി | 4-6 | |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| | അനുബന്ധം | | |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 39 | Audit Certificate | 2 | |
| 40 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 3 | |
| 41 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 4 | |
| 42 | ബാലൻസ് ഷീറ്റ് | 5 | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് 23-03-2016 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | ഓൺലൈനായി ലഭിച്ച തീയതി |
|---|---|---|---|
| 2016-17 | 31/07/2017 | 05/07/2017 | 05/07/2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 19-09-2017 മുതൽ 20-09-17 വരെ | ഓഡിറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

വാർഷിക കണക്കുകളിലെ അപാകതകൾ

1. താഴെ പറയുന്ന തുക നാളിതു വരെ ക്രമീകരിച്ചിട്ടില്ല.

a) പഞ്ചായത്ത് തനത് ഫണ്ട് സൂക്ഷിക്കുന്ന ചങ്ങരംകുളം ശാഖ സ്റ്റേറ്റ് ബാങ്ക്- അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ : 57006636946) താഴെ പറയുന്ന ചെക്കുകൾ വിതരണം ചെയ്തിരുന്നുവെങ്കിലും നാളിതു വരെ ഗുണഭോക്താക്കൾ കൈപറ്റിയിട്ടില്ല.

| വൗച്ചർ നമ്പർ | വൗച്ചർ തിയ്യതി | ഇൻസ്ട്രുമെന്റ് നമ്പർ | ഇൻസ്ട്രുമെന്റ് തിയ്യതി | തുക (₹) |
|---|---|---|---|---|
| 2120001 | 31.03.2012 | 1 | 31.03.2012 | 1,30,495 |
| 2120002 | 31.03.2012 | 2 | 31.03.2012 | 450 |
| 2120003 | 31.03.2012 | 3 | 31.03.2012 | 450 |
| 2120004 | 31.03.2012 | 4 | 31.03.2012 | 3336 |
| 2120005 | 31.03.2012 | 5 | 31.03.2012 | 188 |
| 2120007 | 31.03.2012 | 1 | 31.03.2012 | 1,500 |

| | | | | |
|---|---|---|---|---|
| | | | ആകെ | 1,36,419 |

ടി തുക അധികമായി ബാങ്ക് അക്കൗണ്ടിൽ കിടക്കുകയാണ്. ഓരോ മാസവും ബാങ്ക് ബുക്ക് പാസ്ബുക്കുമായി പൊരുത്തപ്പെടുത്തേണ്ടി വരുന്നതിനാൽ ടി തുക ബാങ്ക് ബുക്കിലെ തുകയോട് കൂട്ടി വരുന്ന രീതിയാണ് സ്വീകരിച്ചുവരുന്നത്. ആയത് ക്രമീകരിക്കേണ്ടതാണ്.

b) പഞ്ചായത്ത് തനതു ഫണ്ട് സൂക്ഷിക്കുന്ന ചങ്ങരംകുളം ശാഖ സ്റ്റേറ്റ് ബാങ്ക്- അക്കൗണ്ടിൽ 142,936 രൂപ ബാങ്കിലേക്ക് കളക്ഷന് വേണ്ടി നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ തുക ബാങ്കിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല.

| വൗച്ചർ നമ്പർ | വൗച്ചർ തിയ്യതി | ഇൻസ്ട്രുമെന്റ് നമ്പർ | ഇൻസ്ട്രുമെന്റ് തിയ്യതി | തുക (₹) |
|---|---|---|---|---|
| 31600246 | 19.12.2016 | - | - | 364 |
| 11200001 | 31.03.2012 | 0001 | 31.03.2012 | 142,572 |
| | | | ആകെ | 1,42,936 |

ടി തുക ബാങ്ക് അക്കൗണ്ടിൽ കുറവായതിനാൽ ഓരോ മാസവും ബാങ്ക് ബുക്ക് പാസ്ബുക്കുമായി പൊരുത്തപ്പെടുത്താൻ ടി തുക ബാങ്ക് ബുക്കിൽ നിന്ന് കുറച്ച് വരുന്ന രീതിയാണ് സ്വീകരിച്ചുവരുന്നത്. ആയത് ക്രമീകരിച്ചിട്ടില്ല

2) വസ്തു നികുതി- തൻവർഷ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ വാർഡ് അടിസ്ഥാനത്തിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് പ്രിന്റ് ചെയ്ത് തയ്യാറാക്കിയിട്ടില്ല. സംഗ്രഹം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മുൻവർഷ വാർഷിക ധനകാര്യപത്രികയിൽ വസ്തു നികുതി തൻവർഷ ഡിമാന്റ് കാണിക്കാത്തത് നാളിതു വരെ പരിഹരിച്ചിട്ടില്ല. ആയതിനാൽ കുടിശ്ശിക ഡിമാന്റ് , കളക്ഷൻ എന്നിവയുടെ ആധികാരികത ഉറപ്പാക്കാനായില്ല.

3) വാർഷിക കണക്കിനൊപ്പം അക്കൗണ്ടുകളിൽമേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

4) സാമ്പത്തിക പത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ധനകാര്യ പത്രികയിൽ താരതമ്യത്തിനായി മുൻവർഷ തുകകൾ ഉൾപ്പെടുത്താനുള്ള കോളം നിലവിലുണ്ട്.

5) ബാലൻസ് ഷീറ്റിലെ ബി-17 ഷെഡ്യൂളിലെ താഴെ കൊടുത്തിരിക്കുന്ന ഹെഡിലെ തുകകൾബി-4 ഷെഡ്യൂളിൽ വരുന്ന തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| ഹെഡ് | ബി-17 പ്രകാരമുള്ള തുക | ബി-4 പ്രകാരമുള്ള തുക | വ്യത്യാസം |
|---|---|---|---|
| ടി എസ് സി | 1,45,837 | 8,09,789 | 6,63,952 |

6) സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി ബാക്കി പത്രത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ധനകാര്യവർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

7) വാർഷിക ധനകാര്യപത്രിക ബി -18 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന തുകകൾ മുൻകൂറായി കൈമാറിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണത്തിന്റെയോ , ടി തുകകൾ മുൻകൂർ നൽകിയതിന്റെ

നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കേണ്ടതാണ്.

| ക്ര.ന | നിർവഹണ ഏജൻസി | മുൻകൂർ തുക |
|---|---|---|
| 1 | Advance to Implementing Agencies –<br>Deposit with Kerala Water Authority | 9,77,500 |
| 2 | Other Advances | 1,49,780 |
| 3 | Advance to Implementing Officers | 6,66,299 |
| 4 | Festival Advance | 3,000 |
| | ആകെ | 17,96,579 |

8) പണമിടപാടുകൾ നടക്കാത്ത താഴെ കൊടുത്തിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല.

| ബാങ്ക് | നീക്കിയരിപ്പ് തുക<br>(വാർഷിക ധനകാര്യ പത്രിക പ്രകാരം) |
|---|---|
| സ്റ്റേറ്റ് ബാങ്ക് - ചങ്ങരംകുളം (എസ് എസ് എ)<br>അക്കൗണ്ട് നമ്പർ : 67146085379 | 11,57,450 |
| ടി പി 35 | 14,801 |

9) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 57 പ്രകാരം സെക്രട്ടറി എല്ലാ ബാങ്കുകളുടേയും പൊരുത്തപ്പെടുത്തൽ പത്രിക അടുത്ത മാസം 5ാം തിയ്യതിക്കകം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് . എന്നാൽ ആയത് ചെയ്യുന്നില്ല.

10) ബാക്കിപത്രത്തിലെ ബാധ്യതാ ഭാഗത്ത് പഞ്ചായത്ത് ഫണ്ട് എന്നതിനു പകരം Muncipal (General) Fund എന്നാണ്, ആയത് മാറ്റം വരുത്തിയിട്ടില്ല.

11) താഴെ പറയുന്ന ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

| | |
|---|---|
| പെർമിറ്റ് രജിസ്റ്റർ | വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല |
| ക്രമവൽകൃത രജിസ്റ്റർ | ക്രമവൽകൃത രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>ക്രമവൽകൃത ഇനത്തിൽ വാങ്ങിയതിന്റെ വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല |
| വസ്തു നികുതി ഡിമാന്റ് / കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ | വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ്വെയറിൽ നിന്ന് ലഭിച്ച ഡാറ്റയുടെ ആധികാരികത ഉറപ്പുവരുത്താനായില്ല |
| ഡി ആന്റ് ഒ ഡിമാന്റ് രജിസ്റ്റർ | വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |

ഓരോ വർഷവും രജിസ്റ്ററുകൾ ക്ലോസ് ചെയ്ത് സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിൽ വീഴ്ച സംഭവിച്ചു.

12) വാർഷികക്കണക്കുകളിലെ ഡി ആന്റ് ഒ ഡിമാന്റ്, കളക്ഷൻ എന്നിവ ഡിമാന്റ് രജിസ്റ്ററുമായി പരസ്പരം പൊരുത്തപ്പെടുന്നില്ല. രജിസ്റ്ററിലും വാർഷിക കണക്കിലും വ്യത്യസ്ത തുകയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| ഇനം | ഡിമാന്റ് | കളക്ഷൻ | | ബാലൻസ് |
|---|---|---|---|---|
| | | മുൻകൂർ | തൻവർഷം | |
| ഡി ആന്റ് ഒ ഡിമാന്റ് രജിസ്റ്ററിലെ തുക | 80500 | 80500 | | 0 |
| വാർഷികധനകാര്യ പത്രികയിലെ തുക | 79,800 | 18750 | 61750 | 0 |
| വ്യത്യാസം | 700 | 700 | | 0 |

13) DBT വഴി മാറിയ പെൻഷൻ തുകകൾ AFS ൽ ഉൾപ്പെടുത്തിയിട്ടില്ല.

14) ട്രഷറി ടി എസ് ബി അക്കൗണ്ടിലെ വർഷാന്ത്യ പൊരുത്തപ്പെടുത്തൽ പത്രിക പരിശോധിച്ചതിൽ ബാങ്ക് സ്റ്റേറ്റ്മെന്റിലെ തുകയും ബാങ്ക് ബുക്കിലെ തുകയും വ്യത്യാസപ്പെട്ടിരിക്കുകയാണ്.

| 2017 മാർച്ച് 31 ലെ ബാങ്ക് ബുക്കിലെ നീക്കിയിരിപ്പ് | പൊരുത്തപ്പെടുത്തൽ പത്രിക പ്രകാരം ബാങ്ക് ബുക്കിലെ നീക്കിയിരിപ്പ് | വ്യത്യാസം |
|---|---|---|
| 1,00,75,500 | 1,02,95,500 | 2,20,000 |

| 2017 മാർച്ച് 31 ലെ ബാങ്ക് സ്റ്റേറ്റ്മെന്റിലെ നീക്കിയിരിപ്പ് | പൊരുത്തപ്പെടുത്തൽ പത്രിക പ്രകാരം ബാങ്ക് സ്റ്റേറ്റ്മെന്റിലെ നീക്കിയിരിപ്പ് | വ്യത്യാസം |
|---|---|---|
| 1,20,23,796 | 1,17,06,521 | 3,17,275 |

പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കുന്നത് ബാങ്ക് ബുക്കിലെ തുക ബാങ്ക് സ്റ്റേറ്റ്മെന്റുമായി താരതമ്യം ചെയ്ത് രണ്ടിന്റേയുംകൃത്യത ഉറപ്പു വരുത്തുന്നതിനാണ്. വ്യത്യാസത്തിന് മറുപടി ലഭ്യമാക്കേണ്ടതാണ്

15) എൻ ആർ ഇ ജി എസ് - കേരള ഗ്രാമീൺ ബാങ്ക്

| | വാർഷിക ധനകാര്യപത്രിക | എൻ.ആർ. ഇ.ജി.എസ്. section |
|---|---|---|
| മുൻബാക്കി | 1,063<br>[RP- 40 (a)] | 1,063 |
| തൻവർഷ വരവ് | 6,00,085<br>[RP- 31]- Centrally Sponse- NREGA | 6,00,085 |
| EFMS വരവ് | 1,56,09,120 | 1,56,09,120 |
| ആകെ വരവ് തുക(A) | 1,62,10,268 | 1,62,10,268 |
| ചെലവ് തുക | 4,50,753[RP- 16]-<br>Total Poverty Alleviation Programs- General | 5,98,044 |
| EFMS ചെലവ്- | 1,56,09,120 | 1,56,09,120 |
| ആകെ ചെലവ് തുക(B) | 1,160,59,873 | 162,07,164 |
| നീക്കിയിരിപ്പ്(A-B) | 1,50,395<br>യഥാർത്ഥത്തിൽ കാണിച്ചിരിക്കുന്നത് 3104 | 3104 |

[Income and Expenditure I-6 വരവ് & I-14(a) ചെലവ് = 162,07,164

തൊഴിലുറപ്പ് ഓഫീസിൽ നിന്ന് ലഭിച്ച കണക്കുകൾ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല (ചെലവ് തുക - 598,044 ന് പകരം 450,753 ആണ് കാണിച്ചിരിക്കുന്നത്)

16) ബാലൻസ്ഷീറ്റിലെ ഷെഡ്യൂൾ ബി-1 പ്രകാരം 2015-16 ലെ ക്ലോസിംഗ് ബാലൻസ് 2016-17 ലേക്ക് ക്യാരി ഫോർവേഡ് ചെയ്തപ്പോൾ താഴെ കാണുന്ന വ്യത്യാസം ഉണ്ട്.

| ഇനം | 2015-16 നീക്കിയിരിപ്പ് | 2016-17മുന്നിരിപ്പ് | വ്യത്യാസം |
|---|---|---|---|
| പഞ്ചായത്ത് ഫണ്ട് – ജനറൽ ഫണ്ട് | 12,55,004 | 12,55,004 | 0 |
| Excess of income over Expenditure | 33,28,139 | 33,27,910 | 229 |
| Total Panchayat Fund | 45,83,143 | 45,82,914 | 229 |

17) മുൻവർഷ എ.എഫ്.എസ് പരിശോധനയിൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിച്ചിട്ടില്ല. പരിഹരിച്ചവയുടെ വിശദ വിവരം അക്കൗണ്ട്സിനോട് കൂടെ കുറിപ്പുഫയലാക്കി ഉള്ളടക്കം ചെയ്യേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,23,22,772 |
| വരവ് | 5,06,60,212 |
| ആകെ | 6,29,82,984 |
| ചെലവ് | 4,76,40,691 |
| നീക്കിയിരിപ്പ് | 1,53,42,293 |

## 1-5 ഫണ്ട് വിനിയോഗം(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക (അലോട്ട്മെന്റ്) | ആകെ വരവ് തുക | ചെലവ് തുക | ചെലവ് ശതമാനം | നീക്കിയിരിപ്പ് (സർക്കാർ പിൻവലിച്ചത്) | നീക്കിയിരിപ്പ് 40(b) വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 98,42,382 | 98,42,382 | 98,42,382 | 100 | 0 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 0 | 54,02,916 | 54,02,916 | 54,02,916 | 100 | 0 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 69,84,828 | 69,84,828 | 58,97,142 | 84.42 | 10,87,686 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 27,13,326 | 27,13,326 | 14,41,091 | 53.11 | 12,72,235 | 0 |
| ലോക ബാങ്ക് സഹായം | 0 | 28,90,579 | 28,90,579 | 18,58,965 | 63.52 | 10,31,614 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 5302301 | 5302301 | 5302301 | 100 | 0 | 0 |
| ബി ഫണ്ട് | 0 | 8,88,480 | 8,88,480 | 8,88,480 | 100 | - | - |
| എം ജി എൻ ആർ ജി എസ് | 1063 | 16209205 | 16210268 | 16207164 | 99.98 | - | 3104 |

# 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 153 | 5,10,59,675 | 91 | 358,54,310 | 36 | 26 | 60% |

നിർവഹണ ഉദ്യോഗസ്ഥരുടെ പദ്ധതി ചെലവ്

| നിർവഹണ ഉദ്യോഗസ്ഥർ | അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 2758881 | 6 | 2275381 | 0 | 3 | 67 |
| വെറ്റിനറി സർജൻ | 5 | 1740000 | 5 | 1537500 | 0 | 0 | 100 |
| മെഡിക്കൽ | 3 | 690000 | 1 | 567286 | 2 | 0 | 33 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഓഫീസർ-<br>പി.എച്ച്.സി | | | | | | | |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | 2 | 300000 | 2 | 300000 | 0 | 0 | 100 |
| മെഡിക്കൽ ഓഫീസർ- ആയുർവേദം | 4 | 540000 | 4 | 521640 | 0 | 0 | 100 |
| വി.ഇ.ഒ | 12 | 140,00,000 | 5 | 6357772 | 4 | 3 | 42 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 4217369 | 3 | 3855852 | 2 | 2 | 43 |
| സെക്രട്ടറി | 31 | 5130804 | 15 | 2976777 | 6 | 10 | 49 |
| പ്രധാനാ ധ്യാപകൻ | 18 | 4272082 | 9 | 2784521 | 3 | 6 | 60 |
| അസി. എഞ്ചിനീയർ | 49 | 17213219 | 30 | 11055671 | 19 | 0 | 63 |
| അസി. സെക്രട്ടറി | 13 | 3797320 | 11 | 3621910 | 0 | 2 | 85 |
| ആകെ | 153 | 51059675 | 91 | 35854310 | 36 | 26 | 60 |

# 1-7 തനത് വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമ പഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 48 % വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | | മുൻവർഷം | തൻവർഷം | വ്യത്യാസം | % (+)/(-) |
|---|---|---|---|---|---|
| നികുതി വരവുകൾ (ഇനം തിരിച്ച്) | | | | | |
| വസ്തു നികുതി | | 24,50,097 | 44,18,031 | | |
| സേവന നികുതി | | 0 | 0 | | |
| തൊഴിൽ നികുതി | കച്ചവട/സ്ഥാപനങ്ങളുടെ/ ഉദ്യോഗസ്ഥരുടെ തൊഴിൽ നികുതി | 2,27,780 | 2,63,100 | | |
| | ജീവനക്കാരുടെ തൊഴിൽ നികുതി | 7,20,778 | 7,60,850 | | |
| വിനോദ നികുതി | | 31,636 | 23,769 | | |
| പരസ്യ നികുതി | | 0 | 0 | | |

| | | | | | |
|---|---|---|---|---|---|
| | | 34,30,291 | 54,65,750 | 20,35,459 | +59% |
| നികുതിയേതര വരവുകൾ (ഇനം തിരിച്ച്) | | | | | |
| | ലൈസൻസ് (ഡി ആന്റ് ഒ) | 73,540 | 80,500 | | |
| | മാർക്കറ്റ് ബസ്റ്റാന്റ് | 0 | 0 | | |
| കെ പി ബി ആർ | പെർമിറ്റ് ഫീ | 1,35,788 | 94,810 | | |
| | റഗുലറൈസേഷൻ ഫീ | 70,759 | 80,441 | | |
| | അപേക്ഷാ ഫീ | 6,222 | 13,340 | | |
| | വിവാഹം | 31,885 | 31,820 | | |
| | ജനന – മരണം | 11,349 | 13,185 | | |
| | വാടക | 0 | 0 | | |
| | ലേലം | 0 | 0 | | |
| | | 3,29,543 | 3,14,096 | 15,447 | (5)% |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | | | | | |
| | പാരാ മെഡിക്കൽ രജിസ്ട്രേഷൻ | 1600 | 1450 | | |
| | ട്യൂട്ടോറിയൽ രജിസ്ട്രേഷൻ | 200 | 50 | | |
| | പന്നികൾക്കും പട്ടികൾക്കും ലൈസൻസ് | 30 | 190 | | |
| | റിക്കവറി | 14,151 | 36200 | | |
| | ലൈബ്രറി | 0 | 0 | | |
| | പോസ്റ്റ് | 0 | 0 | | |
| | പലിശ (സ്ഥിര നിക്ഷേപം) | 0 | 0 | | |
| | പലിശ (ബാങ്ക് അക്കൗണ്ടുകൾ) | 71,251 | 55,453 | | |
| | വിൽപന(ടെൻഡർ,ഫോമുകൾ,സ്റ്റോർ) | 3,61,163 | 1,25,500 | | |
| | പലവക | 0 | 3 | | |
| | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽ കൂട്ടിയത് | 0 | 240,600 | | |
| | | 4,48,395 | 4,59,446 | 11,051 | 2% |
| | ആകെ | 42,08,229 | 62,39,292 | 20,31,063 | 48% |

കുറിപ്പ് :

1. മുൻ വാർഷിക ധനകാര്യപത്രിക പ്രകാരമാണ് 2015-16 വർഷത്തെ കണക്കുകൾ എടുത്തിട്ടുള്ളത്.

2.ലൈസൻസ് ഇനത്തിൽ യഥാർത്ഥത്തിലുള്ള തുക 80500(രജിസ്റ്റർ പ്രകാരം)രൂപയാണ് എന്നാൽ

2016-17 വാർഷിക കണക്കിൽ കാണിച്ചിരിക്കുന്നത് 79,800 രൂപയാണ്. അപാകത പരിഹിക്കേണ്ടതാണ്

# 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 62,760 | 37 |
| കർഷകതൊഴിലാളി വേതനം | 3483370 | 355 |
| വിധവാപെൻഷൻ | 12536020 | 1230 |
| വാർദ്ധക്യകാല പെൻഷൻ | 18600270 | 1872 |
| വികലാംഗ പെൻഷൻ | 3386465 | 328 |
| വിവാഹ ധനസഹായം (സാധുക്കളായ വിധവകളുടെ പെൺമക്കൾക്ക്) | 480,000 | 16 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 7,14,130 | 70 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.09.2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9822/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

# 1-10 ആഭ്യന്തരനിയന്ത്രണം

1 മാസ്റ്റർ ഇംക്യുംബൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പേര്,തസ്തിക, ഓഫീസിലെത്തിയ തിയ്യതി, കാലയളവ്, റിട്ടയർമെന്റ് തിയ്യതി, സ്ഥലം മാറിപ്പോയ തിയ്യതി, ഓഫീസ് വിലാസം, സ്ഥിരം മേൽവിലാസം എന്നിവ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇംക്യുംബൻസി (കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെയും എല്ലാ നിർവഹണ ഉദ്യോഗസ്ഥരുടെയും വിവരങ്ങളും കൂടി ഉൾപ്പെടുത്തി) രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി മാസ്റ്റർ ഇൻക്യുംബൻസി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

2.ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടെയും വിവരങ്ങൾ ഉൾകൊള്ളുന്ന രജിസ്റ്റർ

സ.ഉ(സാ.ധാ) നം.2465/2016/ തസ്വഭവ തിയ്യതി 17.08.2016 പ്രകാരം ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടെയും വിവരങ്ങൾ ഉൾകൊള്ളുന്ന ഒരു രജിസ്റ്റർ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.08.2017 | 07/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.08.2017 മുതൽ 17.08.2017 | 2011-12 മുതൽ 2015-16 വരെ | ലഭിച്ചിട്ടില്ല |

# ഭാഗം -2
# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല

2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിലെ നിർദ്ദേശാനുസരണം പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം സംബന്ധിച്ച് 24.09.2016 ൽ സർക്കാർ ഉത്തരവ് നമ്പർ. 576/ ഡി.സി/1/2016/തസ്വഭവ പ്രകാരം ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1).വിൽപ്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളു.

2).പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് വില ഈടാക്കുന്നതാണ് എന്ന വിവരം വ്യക്തമായ രീതിയിൽ കച്ചവട സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

3).വിൽപ്പന സാധനങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം.

4).ഒരു മാസം കുറഞ്ഞത് 4000/- രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 48000/- രൂപ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീസായി ഈടാക്കി മേൽ പ്രകാരം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം / ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

5).പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗത്തിന്റെ തോത് അനുസരിച്ച് കൂടുതൽ തുക പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീസായി വ്യാപാരികളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്.

6).പ്ലാസ്റ്റിക് പരിപാലന ഇനത്തിൽ ലഭ്യമാകുന്ന തുക അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ അധികാര പരിധിയിൽ സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ഉപയോഗപ്പെടുത്തേണ്ടതാണ്.

മേൽ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 2-2 വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടാവുന്നു

ഗ്രാമപഞ്ചായത്തിൽ 2016-2017 വർഷത്തിൽ വസ്തുനികുതിയിനത്തിൽ വൻ തുകകൾ പിരിച്ചെടുക്കുവാനുണ്ടെന്ന് ബാക്കി പത്രത്തിലെ കണക്കുകൾ സൂചിപ്പിക്കുന്നു. വാർഷിക ധനകാര്യ പത്രികകൾ പ്രകാരമുള്ള) വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| | |
|---|---|
| തൻവർഷ കുടിശ്ശിക | 24,63,162 |
| മുൻവർഷങ്ങളിലെ കുടിശ്ശിക | 18,62,052 |
| ആകെ | 43,25,214 |

പഞ്ചായത്ത് ഫണ്ടിലേക്ക് വരുന്ന വരവിനത്തിൽ മുഖ്യപങ്കും വഹിക്കുന്നത് വസ്തു നികുതിയാണ്. എന്നാൽ വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള (100%) നടപടികൾ ഒന്നും തന്നെ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തനത്ഫണ്ടിലേക്ക് ലഭ്യമാകേണ്ട നികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു.

വസ്തു നികുതി സംബന്ധിച്ച് ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പ്രിന്റ് ചെയ്ത് സംഗ്രഹം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

## 2-3 മൊബൈൽ ടവറ്- വസ്തു നികുതി ഈടാക്കുന്നില്ല

തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011/ തസ്വഭവ പ്രകാരം മൊബൈൽ ടെലഫോൺ ടവറുകൾക്ക് ബാധകമായ വസ്തുനികുതി നിരക്ക് ച.മീറ്ററിന് 500 രൂപയായി വെളിയങ്കോട് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിരുന്നു. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ 5 മൊബൈൽ ടവറുകളുടെ വസ്തുനികുതി പരിഷ്കരിച്ചിട്ടുണ്ട്. (സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | വാർഡ് നമ്പർ / കെട്ടിട നമ്പർ | ടവർ കമ്പനിയുടെ / ഉടമയുടെ വിവരം | വിസ്തീർണ്ണം (ച.മീറ്ററിൽ) | പരിഷ്കരിച്ച അടിസ്ഥാന വസ്തുനികുതി |
|---|---|---|---|---|
| 1 | 3 (മൂക്കുതല) 215 | ഇൻഡസ് ടവേഴ്സ്( , വങ്കാരത്ത് ടവേഴ്സ് ,എൻ.എച്ച് .ബൈപാസ്, പാലാരിവട്ടം,കൊച്ചി , 682024 , മൊബൈൽ : 9048206209) | താഴത്തെ നില (6.8 ച മീ ) | വാർഷിക വസ്തു നികുതി - 4080<br>ഗ്രന്ഥ ശാല വരി - 204<br>...................................... |

| | | | | |
|---|---|---|---|---|
| | | | | ആകെ - 4284 |
| 2 | 7 (പള്ളിക്കര തെക്ക്മുറി)<br>394 | ബി എസ് എൻ എൽ(ടെലഫോൺ എക്സ്ചേഞ്ച്,നന്നംമുക്ക് പി ഒ,679575) | താഴത്തെ നില (10 ച മീ ) | വാർഷിക വസ്തു നികുതി - 6000<br>ഗ്രന്ഥ ശാല വരി - 300<br>...................................<br>ആകെ -6300<br>(കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ള ഭരണഘടനയുടെ 285 അനുചേദം അനുസരിച്ച് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടം) |
| 3 | 8 (അയ്യിച്ചോട്)<br>278 | മുഹമ്മദ്കുട്ടി(പുറത്താട്ട്,നന്നംമുക്ക് പി ഒ,679575),അഹമ്മദുണ്ണി (ആന്തിയൂർ വളപ്പിൽ, നന്നംമുക്ക് പി ഒ,679575) | രണ്ടാം നില (24 ച മീ ) | വാർഷിക വസ്തു നികുതി - 14400<br>ഗ്രന്ഥ ശാല വരി - 720<br>......................................<br>ആകെ -15120 |
| 4 | 10 (തരിയത്ത്)<br>133 A | എ ടി സി ടെലികോം ടവർ(കോർപ്പറേഷൻ. പി.എൽ.ടി.ഡി) | താഴത്തെ നില (35.3 ച മീ ) | വാർഷിക വസ്തു നികുതി - 15885<br>ഗ്രന്ഥ ശാല വരി - 795<br>......................................<br>ആകെ -16680 |
| 5 | 14 (പിടാവന്നൂർ)<br>333 | നന്ദകുമാർ(മഞ്ചേരി,പിടാവന്നൂർ, പിടാവന്നൂർ പി ഒ,679574) | താഴത്തെ നില (23.07 ച മീ ) | വാർഷിക വസ്തു നികുതി - 13842<br>ഗ്രന്ഥ ശാല വരി - 693<br>................................... |

| | | | | |
|---|---|---|---|---|
| | | | | ആകെ -14535 |

ടവറുകളിൽ നിന്ന് വസ്തു നികുതി ഈടാക്കിയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | വാർഡ് / കെട്ടിട നമ്പർ | ടവർ | ഈടാക്കിയതിന്റെ വിവരം |
|---|---|---|---|
| 1 | 3 (മൂക്കുതല) 215 | ഇൻഡസ് ടവേഴ്സ് (വങ്കാരത്ത് ടവേഴ്സ് ,എൻ.എച്ച് .ബൈപാസ്, പാലാരിവട്ടം,കൊച്ചി , 682024 , മൊബൈൽ : 9048206209) | 2012-13 മുതൽ ഈടാക്കാനുണ്ട് . ആകെ കുടിശ്ശിക ₹ 32,126 |
| 2 | 7(പള്ളിക്കര തെക്ക്മുറി) 394 | ബി എസ് എൻ എൽ(ടെലഫോൺ എക്സ്ചേഞ്ച്,നന്നംമുക്ക് പി ഒ,679575) | (കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ള ഭരണഘടനയുടെ 285 അനുഛേദം അനുസരിച്ച് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടം) |
| 3 | 8 (അയ്നിച്ചോട്) 278 | എ ടി സി ടെലികോം ടവർ(കോർപ്പറേഷൻ.പി.എൽ.ടി.ഡി) | 2013-14 മുതൽ ഈടാക്കാനുണ്ട് . ആകെ കുടിശ്ശിക ₹ 91,152 |
| 4 | 10 (തരിയത്ത്) 133 A | എ ടി സി ടെലികോം ടവർ(കോർപ്പറേഷൻ.പി.എൽ.ടി.ഡി) | 2013-14 മുതൽ ഈടാക്കാനുണ്ട് . ആകെ കുടിശ്ശിക ₹ 1,00,556 |
| 5 | 14 (പിടാവന്നൂർ) 333 | നന്ദകുമാർ(മഞ്ചേരി,പിടാവനൂർ,പിടാവന്നൂർ പി ഒ,679574) | 2013-14 മുതൽ ഈടാക്കാനുണ്ട് . ആകെ കുടിശ്ശിക ₹ 87,625 |

1) മേൽ ടവറുകളിൽ 3 (മൂക്കുതല) 215, 8 (അയ്നിച്ചോട്) 278, 10 (തരിയത്ത്) 133 A , 14 (പിടാവന്നൂർ) 333 എന്നീ നമ്പറുകളിൽ നിർണയിച്ചിട്ടുള്ള ടവറിൽ നിന്നും നാളിതു വരെ വസ്തു നികുതി ഈടാക്കിയിട്ടില്ല. കേരളപഞ്ചായത്ത് രാജ് ആക്ട് 1994, സെക്ഷൻ 243 പ്രകാരം പഞ്ചായത്തിനു കിട്ടാനുള്ള ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ മൂന്നു വർഷത്തിനുള്ളിൽ

ഈടാക്കാത്തതിനാൽ കാലഹരണപ്പെട്ടുപോകും എന്ന് വ്യക്തമാക്കുന്നു. വസ്തു നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന കൃത്യമായ വിവരങ്ങൾ/രജിസ്റ്റർ പഞ്ചായത്തിൽ ലഭ്യമല്ല.

3) തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 19.10.2014-ലെ 40395/RC2/2014/LSGD നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്ത് അനധികൃതമായി മൊബൈൽ ടവറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നഗരസഭകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയതായും, വിജിലൻസിന്റെ കണ്ടെത്തലിന്റെ വെളിച്ചത്തിൽ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലുള്ള മുഴുവൻ മൊബൈൽ ടവറുകളെയും കണ്ടെത്തുന്നതിന് ഒരു 'സ്പെഷ്യൽ ഡ്രൈവ്" നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി, തദ്ദേശ ഭരണ സ്ഥാപനത്തിന് ലഭിക്കാനുള്ള പെർമിറ്റ് ഫീസ് / വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും കർശന നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി നിർണയിച്ച് നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12 – 25/09/2017)മറുപടി ലഭ്യമാക്കിയില്ല

## 2-4 വില്ലേജ് ഓഫീസ് - വസ്തു നികുതി നിർണയത്തിലെ അപാകത

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപചാർജ്ജും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ഗണത്തിലുൾപ്പെടുന്നില്ല. ഓഫീസ് കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് നിജപ്പെടുത്താൻ ചട്ടത്തിലോ, സർക്കാർ ഉത്തരവിലോ വ്യവസ്ഥയില്ല. എന്നാൽ 27.04.2015 ലെ സ.ഉ(എം.എസ്)നം.144/15/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം വസ്തുനികുതി പുനർ നിർണ്ണയിക്കുമ്പോൾ വാണിജ്യ, വ്യവസായ വിഭാഗത്തിലുള്ള കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് മാത്രമാണ് 100 ശതമാനത്തിൽ അധികരിക്കാൻ പാടില്ല എന്ന് ഉത്തരവായിട്ടുള്ളത്. എന്നാൽ ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി വർദ്ധനവ് 150 ശതമാനമായി നിജപ്പെടുത്തി അനർഹമായി ഇളവ് നൽകി നികുതി നിർണ്ണയിക്കപ്പെടുന്ന രീതി ക്രമ പ്രകാരമല്ല ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന (നന്നംമുക്ക്) വില്ലേജ് ഓഫീസിൽ നിന്നും വസ്തു നികുതി വർദ്ധനവ് 150 ശതമാനമായി നിജപ്പെടുത്തി അനർഹമായി ഇളവ് നിർണയിച്ചതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| വാർഡ് / കെട്ടിട നം | കെട്ടിട ഉടമ | പഴയ നികുതി | 2011ലെ ചട്ട പ്രകാരം പുനർ നിർണ്ണയിച്ച കെട്ടിടത്തിന്റെ അടിസ്ഥാന വാർഷിക | അനർഹമായി പരിമിതപ്പെടുത്തി നിശ്ചയിച്ച വാർഷിക വസ്തു നികുതി (പഴയ നികുതി + 150 % | വസ്തു നികുതി പരിമിതപ്പെടുത്തിയതി നാലുണ്ടായ നഷ്ടം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | വസ്തു നികുതി +ഗ്രന്ഥ ശാല വരി (5%) =ആകെ | വർദ്ധനവ്) +ഗ്രന്ഥ ശാല വരി (5%)+=ആകെ | |
| 5ചങ്ങരംകുളം/42 | വില്ലേജ് ഓഫീസ്, നന്നംമുക്ക് | 288 | 3746+188 =3934 | (288+432) +36 = 756 | 3178 (വസ്തു നികുതി-3026 ഗ്രന്ഥ ശാല വരി 152 ) |

2) ഓഫീസ് കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് നിജപ്പെടുത്താൻ ചട്ടത്തിലോ, സർക്കാർ ഉത്തരവിലോ വ്യവസ്ഥയില്ലാത്തതിനാൽ തറവിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ ഭരണ സമിതി അംഗീകരിച്ച നിരക്കിൽ നന്നംമുക്ക് വില്ലേജ് ഓഫീസിൽ നിന്നും വസ്തു നികുതി ഈൗടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13 –25/09/2017)മറുപടി ലഭ്യമാക്കിയില്ല

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ശുചിത്വ മഹത്വം സുജീവിതം - മാലിന്യ നിർമ്മാർജ്ജനത്തിന് നല്ല മാതൃക

പാഴ്‌വസ്തു നിർമ്മാർജ്ജനം ലക്ഷ്യമാക്കി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ 174/17 നമ്പർ പ്രൊജക്ട് ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ പ്ലാസ്റ്റിക്ക് മാലിന്യത്തിന്റെ ഉച്ചാടനത്തിന് സഹായകമായ പദ്ധതിയാണ്.ഗ്രാമ പഞ്ചായത്തിലെ കുടുംബശ്രീ പ്രവർത്തകർ, ക്ലബുകൾ ,സന്നദ്ധ പ്രവർത്തകർ, ആരോഗ്യപ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ എല്ലാ വാർഡുകളിലെയും പൊതു ഇടങ്ങൾ, വീടുകൾ, കച്ചവട സ്ഥാപനങ്ങൾ,എന്നിവിടങ്ങളിലെ ഇ- മാലിന്യം, പ്ലാസ്റ്റിക്ക് മാലിന്യം തുടങ്ങിയവ ശേഖരിച്ച് കളക്ഷൻ കേന്ദ്രത്തിൽ എത്തിച്ച് മാലിന്യ പരിപാലന ഏജൻസി വഴി പുനരുപയോഗത്തിനും റീ സൈക്കിളിംഗിനുമായി കയറ്റി അയക്കുന്നതിനാണ് ഗ്രാമപഞ്ചായത്ത് പദ്ധതി തയ്യാറാക്കിയത്.

വ്യക്തമായ ആസൂത്രണത്തോടെ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ പദ്ധതി വഴി കെട്ടിക്കിടക്കുന്ന മാലിന്യം നിർമാർജ്ജനം ചെയ്യുന്നതിനും പ്ലാസ്റ്റിക്ക് ഇതര മാലിന്യങ്ങളുടെ അളവിൽ വലിയ കുറവ് വരുത്തുന്നതിനും സാധിച്ചിട്ടുണ്ട്.

കേരള സർക്കാരിന്റെ ഉത്തരവുകളുടെയും സർക്കുലറുകളുടെയും അടിസ്ഥാനത്തിൽ 2016 മെയ് മാസത്തിൽ മഴക്കാല പൂർവ്വ ശുചീകരണത്തോടെയാണ് പദ്ധതി ആരംഭിക്കുന്നത്.പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സാധ്യമായി.




നന്നമ്മുക്ക് പഞ്ചായത്തുകാർ ശേഖരിച്ച മാലിന്യങ്ങൾ കയറ്റിയയയ്ക്കുന്ന ചടങ്ങ് പി.എം. ആറ്റുണ്ണി തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു

## 'ശുചിത്വ മഹത്വം സുജീവിതം' സന്ദേശം

# നമുക്ക് നന്നമ്മുക്കുകാരെ കണ്ടുപഠിക്കാം

**കാട്ടകാമ്പാൽ:** വൃത്തിയും വെടിപ്പുമുള്ള പഞ്ചായത്തായി മാറാൻ ആറുമാസം മുമ്പ് നടത്തിയ ബോധവത്കരണം ഫലം കണ്ടു. എട്ടു ലോഡ് അജൈവമാലിന്യങ്ങളാണ് കർണാടകയിലേക്ക് നന്നമ്മുക്കുകാർ കയറ്റിയയച്ചത്. ജൈവമാലിന്യങ്ങൾ വീട്ടുകാർ തന്നെ സംസ്കരിക്കുകയും ചെയ്തതോടെ മാലിന്യസംസ്കരണത്തിൽ പുതിയൊരു പാഠമാണ് നന്നമ്മുക്കുകാർ പഠിപ്പിക്കുന്നത്. പഞ്ചായത്തിന്റെ പതിനേഴ് വാർഡുകളിലും മുഴങ്ങിക്കേൾക്കുന്ന മുദ്രാവാക്യം 'ശുചിത്വ മഹത്വം സുജീവിത'മെന്ന സന്ദേശമാണ്. അവരുടെ പ്രവർത്തന രീതി ഇങ്ങനെയാണ്.

-എല്ലാ വീട്ടുകാരും ഒരു അടുക്കളത്തോട്ടം ഉണ്ടാക്കി.

-അടുക്കളയിലെ ജൈവമാലിന്യങ്ങൾ വളമായി നൽകി. ജൈവപച്ചക്കറി തോട്ടങ്ങളായി വീടുകൾ.

-പാടത്തും പറമ്പിലുമുള്ള പ്ലാസ്റ്റിക് ഉൾപ്പെടെ അജൈവ മാലിന്യങ്ങൾ വീട്ടുകാർ പെറുക്കിക്കൂട്ടി.

-പൊതുവഴികളിലും ഓടകളിലും സ്റ്റാൻഡുകളിലുമുള്ള മാലിന്യങ്ങൾ കുടുംബശ്രീ - തൊഴിലുറപ്പ് തൊഴിലാളികൾ ശേഖരിച്ചു.

-വിദ്യാലയങ്ങളിലെ മാലിന്യങ്ങൾ എൻ.എസ്.എസ്. വൊളന്റിയർമാർ ശേഖരിച്ചു.

-വായനശാലകളും ക്ലബ്ബുകളും യുവജനപ്രസ്ഥാനങ്ങളും ബോധവത്കരണം നടത്തി.

-ജനപ്രതിനിധികൾ മാലിന്യശേഖരണത്തിനുള്ള സഹായങ്ങൾ നൽകി.


-പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, ആശാ വർക്കർമാർ തുടങ്ങിയവർ മാലിന്യവിമുക്തിക്കായി രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തി.

ഒന്നാംഘട്ടത്തിൽ ശേഖരിച്ച മാലിന്യങ്ങൾ കയറ്റിയയയ്ക്കാൻ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.എം. ആറ്റുണ്ണി തങ്ങളുടെ നേതൃത്വത്തിൽ ജനപ്രതിനിധികളെത്തി. പ്രസിഡന്റ് ടി. സത്യൻ അധ്യക്ഷനായി. രണ്ടാംഘട്ട മാലിന്യശേഖരണം പഞ്ചായത്ത് തുടങ്ങിക്കഴിഞ്ഞതായി പ്രസിഡന്റ് ടി. സത്യൻ അറിയിച്ചു.

Mathrubhumi e-paper THRISSUR
Fri, 03 February 2017
digitalpaper.mathrubhumi.com/c/16571996






* 2016 ഒക്ടോബർ അവസാന വാരത്തിൽ മാലിന്യ സംസ്കരണവും പുരയിടകൃഷി വികസനവും എങ്ങിനെ പരസ്പരം ബന്ധപ്പെടുത്താം , മാലിന്യം ശാസ്ത്രീയമായി എങ്ങനെ കൈകാര്യം ചെയ്യാം എന്ന വിഷയത്തിൽ ദൃശ്യാവിഷ്കരണ ശിൽപ ശാല സംഘടിപ്പിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും പദ്ധതിയുടെ പ്രാധാന്യവും ആവശ്യകതയും വ്യക്തമാക്കുകയും ചെയ്തു.

*സോണൽ കമ്മിറ്റികൾ

ഓരോ വാർഡിലും ശരാശരി 4 സോണൽ കമ്മിറ്റികൾ , ഒരു വളണ്ടിയർക്ക് പത്തു വീടുകൾ, ബോധവൽക്കരണ ക്യാമ്പയിനുകൾ എന്നിവ നടത്തുകയും വ്യക്തമായ അവബോധം സൃഷ്ടിക്കുകയും ചെയ്തു.

* സോണൽ കമ്മിറ്റികളിലും വീടുകളിലും ലഘുലേഖകളിലൂടെ പ്രചരണ പ്രവർത്തനങ്ങൾ നടത്തുകയും പൊതുജന പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്തു.പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ 2016-17 വർഷം നടപ്പായി.

<u>സാമ്പത്തിക വിശകലനം</u>

പദ്ധതി അടങ്കൽ 2622500 രൂപ ( തനത് ഫണ്ട് 42500, ബ്ലോക്ക് പഞ്ചായത്ത് 2,20,000 )

ചെലവ് 2,53,572 ( തനത് ഫണ്ട് 13572, ബ്ലോക്ക് പഞ്ചായത്ത് 2,20,000 )

പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കയറ്റി അയക്കുന്നതിനും പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമാണ് പ്രധാനമായും ചെലവ്. കൂട്ടായ പരിശ്രമങ്ങളിലൂടെയും ആസൂത്രണ മികവിലൂടെയും മാലിന്യ നിർമാർജ്ജന രംഗത്ത് മുന്നേറ്റം നടത്താമെന്നതിന് ഉത്തമോദാഹരണമാണ് ശുചിത്വം മഹത്വം സുജീവിതം എന്ന പേരിൽ നന്നംമുക്ക് ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മാലിന്യനിർമ്മാർജ്ജന പരിപാടി.

# 3-2 കാരുണ്യം പാലിയേറ്റീവ് ക്ലീനിക്കിന് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല.

പ്രോജക്ട് നം.- S0135/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ PHC

ട്രഷറി ബിൽ 6/2016 -17 dtd.18.3.17. 50000/-

ട്രഷറി ബിൽ 7/2016 -17 dtd.18.3.17. 20000/-

മേൽ പ്രോജക്ടിൽ മരുന്ന് വാങ്ങുന്നതിനായി 70000/-രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.തുക ടി സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതാണ്.(A/c No.3624001800000019) എന്നാൽ നാളിതുവരെയായിട്ടും മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി ആയത് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ചെലവ് തുക 70000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-3 പരിരക്ഷ പദ്ധതി - പൊതു അപാകതകൾ സംബന്ധിച്ച്.

പ്രോജക്ട് നം. - S0134/17.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ PHC

570000/- അടങ്കലുള്ള മേൽ പ്രോജക്ടിൽ മരുന്ന് വാങ്ങുന്നതിന് 238600/- ഒഴിച്ച് ബാക്കി തുകകൾ വാഹന വാടക, റിഫ്രഷ്മെന്റ്, നഴ്സിന്റെ ശമ്പളം എന്നിവയ്ക്കാണ് ചെലവഴിച്ചിട്ടുള്ളത്. മെഡിക്കൽ ഓഫീസർ വിളിച്ച ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ പ്രതിദിനം 900/- നിരക്കിൽ ഹോം കെയറിനായി വാഹനം ഓടിയതിന് നൽകിയിട്ടുണ്ട്.വൗച്ചറുകൾ പരിശോധിച്ചതിൽ 94 ഹോം കെയർ യാത്രകൾക്കായി 84600/- രൂപ ചെലവഴിച്ചിട്ടുണ്ട്.വാഹനം ഓടിയതിന് ടൂറിസ്റ്റ് ടാക്സി രശീത് ഹാജരാക്കിയിട്ടുണ്ടെങ്കിലും ആയതിൽ വാഹനം ഓടിയ കിലോമീറ്റർ രേഖപ്പെടുത്തിയിട്ടില്ല. ഹാജരാക്കിയ രജിസ്റ്ററുകളിൽ മെഡിക്കൽ ഓഫിസറോ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.2016-17 വർഷത്തിൽ ഒരു തവണ മാത്രമാണ് PMC മീറ്റിംഗ് വിളിച്ച് ചേർത്തിട്ടുള്ളത്.(28.3.17) ജി.ഒ.(ആർ.ടി) 3217/2015 തസ്വഭവ dtd.29.10.15.പ്രകാരമുള്ള ഉത്തരവിനെ അടിസ്ഥാനമാക്കി പാലിയേറ്റീവ് പരിചരണ

നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 ലോഗ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല.

KL.54A -5718 എന്ന പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല. മാസാന്ത്യ സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല.ആയതിനാൽ ഇന്ധന ഉപഭോഗത്തിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വാഹനത്തിന്റെ റിപ്പയർ സംബന്ധമായ വിവരങ്ങളും ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.2016 -17 വർഷത്തിൽ വാഹനത്തിന്റെ ഇന്ധനക്ഷമത ടെസ്റ്റ് നടത്തിയിട്ടില്ല.വാഹന പരിപാലനം സംബന്ധിച്ച ജി.ഒ.(എം.എസ്) 170/07 ത.സ്വ.ഭ.വ. തി.30.8.2007 ഉത്തരവും,വാഹന പരിശോധന സംബന്ധിച്ച സർക്കുലർ 41/2008/ധനം02/08/2008 ലെ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.മാസാന്ത്യ സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനും,ഇന്ധനക്ഷമത ടെസ്റ്റ് നടത്താതിരുന്നതിനും വിശദീകരണം നൽകേണ്ടതാണ്.വാഹന പരിപാലനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ടവരുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 തൊഴിലുറപ്പ് പദ്ധതി അവലോകനം

2005 ൽ നിലവിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2006- 07 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജിവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം.ഈടു നിൽക്കുന്ന ആസ്തികളുടെ രൂപീകരണവും ഗ്രാമീണ ദരിദ്രരുടെ ജീവീതോപാധികൾ ശക്തിപ്പെടുത്തൽ എന്നതുമാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

2016 -17 വർഷത്തിൽ തൊഴിലിനായി രജിസ്റ്റർ ചെയതിട്ടുള്ളത് 2574പേരാണ് ആയതിൽ 2569കുടുംബത്തിനും തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്.

തൻ വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ - 245

തൻവർഷം നടപ്പിലാക്കിയ പദ്ധതികൾ - 213

ആകെ അടങ്കൽ - 2,02,50 ,000/-

തൻവർഷത്തെ വരവ് - 1,56,09,120 /-

തൻവർഷത്തെ ചെലവ് - 15609120 /-

തൊഴിൽ

ലഭിച്ച കുടുംബങ്ങളുടെ എണ്ണം - 667

100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം - 123

2016-17 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നന്നംമുക്ക് ഗ്രാമ പഞ്ചായത്തിൽ കിണർ 23എണ്ണം, കുളം ഒരെണ്ണം,കോൺക്രീറ്റ് റോഡുകൾ 5 എണ്ണം എന്നി പ്രവൃത്തികൾ പ്രത്യേകമായി ചെയ്തിട്ടുണ്ട്.

ഗ്രാമങ്ങളിലെ അവിദഗ്ധ തൊഴിലാളികൾക്ക് 100 ദിവസം തൊഴിൽ നല്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ദേശീയ തൊഴിലുറപ്പ് നിയമപ്രകാരം തൊഴിൽ ചെയ്യാൻ തയ്യാറായ ഓരോ കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തിൽ കുറയാതെ തൊഴിൽ നൽകേണ്ടതാണ്.ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധ്യമായിട്ടില്ല. ആസ്തികൾ സൃഷ്ടിക്കുന്ന കൂടുതൽ പ്രവൃത്തികൾ പ്രോജക്ടിൽ ഉൾപ്പെടുത്തി ചെയ്യുവാൻ ബന്ധപ്പെട്ടവരുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

# 3-6 പ്രതിരോധ കുത്തിവെപ്പിനും ആരോഗ്യപ്രവർത്തനങ്ങൾക്കും വാഹന ചെലവ് നൽകൽ -മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ചെലവ്.

പ്രോജക്ട് നം. -S0136/1
നിർവ്വഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ PHC
വൗച്ചർ നം.- 21600489 dtd.1.12.2016. 24200/-

മേൽ പ്രോജക്ടിൽ വാഹന വാടക ഇനത്തിൽ 24200/- രൂപ ചെലവഴിച്ചിട്ടുണ്ട്. ജി.ഒ.(എം.എസ്)4/2016.തസ്വഭവ തിയതി.11.1.2016 ആരോഗ്യം ഖണ്ഡിക നം.6(vii) പ്രകാരം രോഗ പ്രതിരോധ പ്രവർത്തനങ്ങൾ,ബോധവൽക്കരണ പരിപാടികൾ സർവ്വെകൾ മറ്റ് വിവരശേഖരണങ്ങൾ,സാധാരണ പ്രവർത്തനങ്ങൾക്ക് പുറമെ നടത്തേണ്ടി വരുന്ന പ്രത്യേക സമയങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ ആരോഗ്യ വകുപ്പിലെ ഫീൽഡ് വർക്കർമാർ ,ആശവർക്കർമാർ എന്നിവരിലൂടെ എൻ.ആർ.എച്ച്.എം. പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യേണ്ടതാണ്.പ്രോജക്ട് പരിശോധനയിൽ വാഹന വാടക നൽകിയതിന് രശീത് വെച്ചിട്ടുണ്ടെങ്കിലും ട്രിപ്പ്ഷീറ്റ് വെയ്ക്കുകയോ വാഹന ഓടിയ ദൂരം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഓരോ യാത്രയ്ക്കും ശരാശരി 400/- 500/- നിരക്കിൽ വാടക നൽകിയിട്ടുണ്ട്.മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്. ചെലവ് തുക 24200/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-7 ആശ്രയ അക്കൗണ്ടിൽ വൻതുക നീക്കിയിരിപ്പ്.

2012-13 സാമ്പത്തിക വർഷം ആരംഭിച്ച ഒന്നാം ഘട്ടം ആശ്രയ പദ്ധതി പൂർത്തികരിച്ചെങ്കിലും ആശ്രയയ്ക്കായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ 1197877/- (അക്കൗണ്ട് നം.67085216640 -SBT ചങ്ങരംകുളം) 31.3.17 ൽ നീക്കിയിരിപ്പ് ഉണ്ട്. ഒന്നാം ഘട്ടം ആശ്രയ നടത്തിപ്പിനായി പ്ലാൻ ഫണ്ടിൽ നിന്നും 11 ലക്ഷവും ചാലഞ്ച് ഫണ്ടിനത്തിൽ 1497500/-രൂപയും അനുവദിച്ചിട്ടുള്ളതാണ്. ഒന്നാം ഘട്ട പ്രവർത്തനങ്ങൾ യഥാ സമയം പൂർത്തികരിക്കുകയോ അനുവദിച്ചിട്ടുള്ള തുക മുഴുവനായി വിനിയോഗിക്കുകയോ ചെയ്തിട്ടില്ല. ആശ്രയ കാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നുണ്ടിലും ബാങ്ക് പാസ്സ്ബുക്കും കാഷ്ബുക്കും പരസ്പരം പൊരുത്തപ്പെടുത്തുകയോ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ കാഷ്ബുക്ക് രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തുകയോ ചെയ്ത്തിട്ടില്ല രണ്ടാം

ഘട്ടം ആശ്രയ പദ്ധതി ഗ്രാമ പഞ്ചായത്തിൽ ഇനിയും ആരംഭിച്ചിട്ടില്ല. സമൂഹത്തിലെ നിരാലംബരായ ജനങ്ങൾക്ക് ഗുണകരമായ സേവന സൗകര്യങ്ങൾ നൽകുവാൻ കഴിയുന്ന ആശ്രയ പോലുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുവാൻ ബന്ധപ്പെട്ടവരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.ഒന്നാം ഘട്ടത്തിലുള്ള തുക തുടർസേവനങ്ങൾക്കായി വിനിയോഗിക്കുകയോ അല്ലാത്ത പക്ഷം ബന്ധപ്പെട്ട അക്കൗണ്ടിൽ തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്.നീക്കിയിരിപ്പ് തുക സംബന്ധിച്ചുള്ള വിനിയോഗ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-8 തെരുവു നായ നിയന്ത്രണ പദ്ധതി- വിനിയോഗ വിവരം ലഭ്യമല്ല

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ തെരുവ് നായ്ക്കളുടെ നിയന്ത്രണം (പ്രോജക്റ്റ് നമ്പർ 157/17) – എന്ന പ്രൊജക്ടിന്റെ നടത്തിപ്പിനായി തനത് ഫണ്ടിൽ നിന്നും 1 ലക്ഷം രൂപ മലപ്പുറം മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയരക്ടർക്ക് 1589466 തിയ്യതി 27-2-17 നമ്പർ ഡി.ഡി ആയി കൈമാറിയിട്ടുണ്ട്. 27-06-17 -ലെ രസീത് പ്രകാരം ഈ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യ പത്രം പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക 1,00,000 രൂപ തടസ്സത്തിൽ വെക്കുന്നു.

# 3-9 പ്രൈമറി സ്കൂളുകൾക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും പൊതു അപാകതകൾ

2016-17 ൽ ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി 85/17 പ്രൈമറി സ്കൂളുകൾക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും എന്ന പേരിൽ നടപ്പാക്കിയ പ്രൊജക്ടിൽ 2 പ്രൈമറി സ്കൂളുകൾക്ക് ഡെസ്ക് ടോപ്പ് കംപ്യൂട്ടറുകൾ വാങ്ങി നൽകിയിട്ടുണ്ട്. Haleyon Transmission Technologies പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടികളിലൂടെയാണ് കംപ്യൂട്ടറുകൾ വാങ്ങിയിട്ടുള്ളത്.പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ താഴെ പറയുന്നു.

1. റേറ്റ് കോൺട്രാക്റ്റ് ഉള്ള സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിനാണ് പ്രൊജക്ട് അംഗീകാരം നേടിയത്.എന്നാൽ ഇപ്രകാരമല്ല വാങ്ങൽ നടപടികൾ സ്വീകരിച്ചത്.

2.പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ NEP3 /10192/2015/DPI തിയ്യതി 21.11..2016, ജി.ഒ(എം.എസ്) 460/2017/ പൊ.വി.വ തിയ്യതി 20-02-2017 ഉത്തരവുകളിൽ പൊതു വിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ മുഴുവൻ ഐ.സി.ടി ഹാർഡ്വെയർ ഉപകരണങ്ങളും വാങ്ങുന്നതിന് പൊതുമാനദണ്ഡം ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവ് പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലേക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി ഹാർഡ്വെയർ ഉപകരണങ്ങൾ സർക്കാരിന്റെയും എം.പി/ എം.എൽ.എ/ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ ഫണ്ട് ഉപയോഗിച്ച് വാങ്ങുന്നതിനുള്ള മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വിൽപനാനന്തര സേവന വ്യവസ്ഥകൾ എന്നിവ വ്യക്തമാക്കുകയുണ്ടായി.ജി.ഒ (എം.എസ്) 2777/2016 /G Edn 26-08-16 ഉത്തരവിൽ കെൽട്രോൺ ആയതിന് നിശ്ചയിച്ച വില

വ്യക്തമാക്കിയിട്ടുമുണ്ട്. പ്രൊജക്ട് നടത്തിപ്പിൽ ഈ സർക്കാർ ഉത്തരവ് പാലിക്കപ്പെട്ടതായി കാണുന്നില്ല.

3. സ്പെസിഫിക്കേഷൻ പരിശോധനാ വിധേയമാക്കിയില്ല.

ലഭിച്ച ടെണ്ടറുകളിലെ സ്പെസിഫിക്കേഷൻ താരതമ്യം ചെയ്യുന്നതിനായി സാങ്കേതിക വിദഗ്ധന്റെയോ ഐ.ടി.അറ്റ് സ്കൂൾ എക്സ്പെർട്ടിന്റെയോ സേവനം തേടുകയോ അത്തരത്തിലുള്ള ഒരു താരതമ്യം നടത്തുകയോ ചെയ്തിട്ടില്ല.

4.കംപ്യൂട്ടറുകളുടെ ഓപ്പറേറ്റിംഗ സിസ്റ്റം ഓപ്പൺ സോഫ്റ്റ്‌വെയർ അല്ല.

ഓപൺ സോഫ്റ്റ് വെയർ ഓപ്പറേറ്റിംഗ്സിസ്റ്റം ആയുള്ള ലാപ്ടോപ്പ് വാങ്ങണമെന്ന സർക്കാർ നിർദ്ദേശം നിലനിൽക്കെ വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം ആയ ലാപ്ടോപ്പുകൾ വാങ്ങിയതും ഉചിതമായ നടപടിയല്ല. സർക്കാർ ഉത്തരവുകൾ പാലിച്ച് നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

(അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 8/23-09-17 നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

# 3-10 വികസന ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കാൻ പാടില്ലാത്ത ഇനം ചെലവുകൾ അംഗീകരിക്കുന്നില്ല

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ 80/17 വിദ്യാദീപ്തി എന്ന പ്രൊജക്ടിൽ ഉൾപ്പെടുന്ന താഴെപ്പറയുന്ന ചെലവുകൾ വികസന ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കാൻ പാടില്ലാത്ത ഇനം ചെലവുകൾ ആണ്.

ട്രഷറി ബിൽ 8/16-17 15-3-17 , 97618 രൂപ.

1.വൈദ്യുതി ബിൽ അടവാക്കൽ 12885 രൂപ.

2. ഫോൺ ബിൽ 7548 രൂപ.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ദൈനം ദിന നടത്തിപ്പ് ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടുന്നതും അവയ്ക്കാവശ്യമായ ചെലവുകൾ തനതു ഫണ്ടിൽ നിന്നും നിർവ്വഹിക്കേണ്ടതുമാണ്. ഇത്തരം ചെലവുകൾ വികസന ഫണ്ടിൽ ഉൾപ്പെടുത്തി നിർവ്വഹിച്ച നടപടി ക്രമപ്രകാരമല്ല. ഭാവിയിൽ ഫണ്ട് വിനിയോഗത്തിൽ സൂക്ഷ്മത പുലർത്തേണ്ടതാണ്.

# 3-11 ഗ്രോബാഗ് പച്ചക്കറികൃഷി ചെലവു രേഖകൾ ഹാജരാക്കിയില്ല

കൃഷി ഓഫീസർ നിർവഹണം നടത്തിയ ഗ്രോബാഗ് പച്ചക്കറികൃഷി ടെറസിലും മുറ്റത്തും എന്ന പ്രൊജക്ടിൽ ഗ്രോബാഗും അനുബന്ധ ഘടകങ്ങളും വിതരണം ചെയ്യുന്നതിനായി വികസന ഫണ്ടിൽ നിന്നും 2,50,000 രൂപ ചങ്ങരംകുളം സർവ്വീസ് സഹകരണബാങ്കിന് നൽകിയിട്ടുണ്ട്. ട്രഷറി ബിൽ നമ്പർ 6/16-17 തിയ്യതി 5-3-17. 667 രൂപ വീതം വില വിലയുള്ള 500 യൂണിറ്റുകൾ വിതരണം ചെയ്യുന്നതിനാണ് 22-3-17 തിയ്യതിയിലെ ഇൻവോയ്സ് പ്രകാരം പണം

നൽകിയത്.500 ഗുണഭോക്താക്കൾക്ക് ഗ്രോബാഗും അനുബന്ധ ഘടകങ്ങളും നൽകിയതായി ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കൈപ്പറ്റിയവരുടെ വിവരങ്ങളൊന്നും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.വാങ്ങിയതിന്റെ കാഷ് ബില്ലോ സ്റ്റോക്കിലെടുത്തതിന്റെ വിവരമോ ഇല്ല. ഗുണഭോക്തൃ വിഹിതമായി വകയിരുത്തിയ തുക ബാങ്കിൽ നൽകിയിട്ടുണ്ടെങ്കിൽ ആയതുൾപ്പെടെയുള്ള തുകയുടെ ബില്ലുകൾ ഗുണഭോക്താക്കൾ ഹാജരാക്കിയിട്ടുമില്ല.ഗ്രോബാഗ് യൂണിറ്റുകൾ നൽകുന്നതിന് ബാങ്കുമായി ഉണ്ടാക്കിയ കരാറോ ഫയലിൽ ഇല്ല.രേഖകളുടെ അഭാവത്തിൽ 2.50 ലക്ഷം തടസ്സം ചെയ്യുന്നു.

# 3-12 ഇടമ്മനപ്പടി കോളണി വാട്ടർ സപ്ലൈ സ്കീം- മുൻകൂർ തുക 9.7 ലക്ഷം ക്രമീകരിക്കാൻ അവശേഷിക്കുന്നു.

പഞ്ചായത്തിന്റെ ബാലൻസ്ഷീറ്റ് പരിശോധിച്ചതിൽ നിന്നും 9,77,500 രൂപ മുൻകൂർ തുക തീർപ്പാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>ഷെഡ്യൂൾ -ബി-18</u>

*Advance to implementing agencies- Deposit with kerala water Authority - 9,77,500

അസി.എഞ്ചിനിയർ നിർവ്വഹണം നടത്തിയ ഇടമ്മനപ്പടി കോളണി വാട്ടർ സപ്ലൈ സ്കീം (195/13) യ്ക്ക് 9,77,500/-രൂപ (ബിൽ നമ്പർ : 42/30.03.2013) പട്ടിക ജാതി ഫണ്ട് വകയിരുത്തി KWA യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. നാളിതു വരെ പ്രവർത്തി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ നിർവ്വഹണ ഏജൻസിയുമായുള്ള കരാറിന് വിധേയമായി തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (07/20.09.2017)മറുപടി ലഭ്യമാക്കിയില്ല.

# 3-13 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന് ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ. അസി.എഞ്ചിനീയർ

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം ത സ്വ ഭ വ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ online transaction വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി zero balance account തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്.മേലുത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യേണ്ടത്. ആയത് പ്രകാരം , കാളികാവ് ഗ്രാമപഞ്ചായത്ത് ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് എത്ര രൂപയാണെന്നും അതിൽ എത്ര രൂപ ലഭ്യമായിട്ടുണ്ട് എന്ന

വിവരവും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് 10 /23.9.2017 എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനത്തിന്റെ പേര് | ലഭിച്ച തുക | പദ്ധതി നമ്പർ / പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് | 2,20,000 | S00174/2017 പാഴ്വസ്തു നിർമാർജ്ജന യജ്ഞം | 2,20,000 | 0 |
| പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് | 1,50,000 | S0090/2017 പൈപ്പ് കമ്പോസ്റ്റ് | 0 | 150000 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക്(Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 36200 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ര.ന | റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പേരും | രശീത് നമ്പര്/ തിയ്യതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 97/98-2001/02 | 86(1),100(11),108,130 | 22520 | കെ വിദ്യൻ, മുൻ സെക്രട്ടറി | 11604102510-തിയ്യതി : 06/08/2017 |
| 2 | 2011/12-2012/13 | പാര 2(3),2(4) | 300 | കെ ടി ജഗന്നിവാസൻ | 11604100629-തിയ്യതി :25/04/2016 |
| 3 | 2011/12-2012/13 | പാര 3(2) | 1350 | സന്തോഷ് കുമാർ എ ഇ | 11604101869 തിയ്യതി :01.07.2016 |
| 4 | 2011/12-2012/13 | പാര 2(4) | 4000 | ഹൈദർ | 11604103547 തിയ്യതി : 01.10.2016 |
| 5 | 2013/14-2014/15 | ഓഡിറ്റ് അന്വേഷണക്കുറിപ്പ് എന്ക്വയറി നം.2(1) | 500 | വിനീത, ക്ലർക്ക് | 41600133, 41600130 ജേണൽ |
| 6 | 2015/16 | ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 6/13.12.2016 മുഖാന്തിരം | 600 | മനേജർ | 11604106000 തിയ്യതി :27.12.2016 |
| 7 | 2015/16 | പാര 2(2) | 1000 | അബ്ദുൽ ജലീൽ നിരുവത്ത് | 116041060009 തിയ്യതി : 27/12/2016 |
| 8 | 2015/16 | ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 6/13.12.2016 മുഖാന്തിരം | 1600 | മനേജർ എസ് ബി ഐ ചങ്ങരംകുളം | 11604500203-തിയ്യതി :09/01/2017 |
| 9 | 2015/16 | പാര 2(2) ബി | 250 | രൂപകുമാരി. ആയ, ഗവ നഴ്സറി സ്കൂൾ | 11604107506-തിയ്യതി :10/02/2017 |
| 10 | 2015/16 | പാര 2(2)സി | 1830 | സുഭാഷ് എ ടെക്നിക്കൽ അസിസ്റ്റൻഡ് | 11604108490-തിയ്യതി :18/03/2017 |
| 11 | 2015/16 | പാര 3(9) | 2250 | സുഭാഷ് എ ടെക്നിക്കൽ അസിസ്റ്റൻഡ് | 11604108491-തിയ്യതി :18/03/2017 |
| | | ആകെ | 36200 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-

വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-02 | 2 | 2003-04 | 3.10.2.1 | ധനാപഹരണ നഷ്ടം: 36218.46 രൂപ | പരാമർശം നിലനിൽക്കുന്നു. |
| 1997-02 | 12 | 2003-04 | 3.10.2.4 | ട്രാക്ടർ വാടക ഈടാക്കിയില്ല. | പരാമർശം നിലനിൽക്കുന്നു. |
| 1997-02 | 18 | | 3.10.2.5 | പൂർത്തിയാക്കിയ പ്രവൃത്തിക്ക് തുക വീണ്ടും ചെലവഴിച്ചു. | പരാമർശം നിലനിൽക്കുന്നു. |
| 1997-02 | 52 | 2003-04 | 3.10.2.3 | ദിനവേതന നിയമനം - ഉത്തരവ് പാലിച്ചില്ല. | പരാമർശം നിലനിൽക്കുന്നു. |
| 1997-02 | 69 | 2003-04 | 3.10.2.2 | മെതിയന്ത്രം വാങ്ങിയത് പാഴ് ചെലവ് - നഷ്ടം 101882 രൂപ. | പരാമർശം നിലനിൽക്കുന്നു. |
| 1997-02 | -- | 2003-04 | 3.10.2.6 | ചെലവു രേഖകൾ ഇല്ല. | പരാമർശം നിലനിൽക്കുന്നു. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുൻ ബാക്കി ഉൾപ്പെടെ) | : | 6,29,82,984 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,76,40,691 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| | | |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4,44,200 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| - | - | - | - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 70,000 | ഡോ.സജിൻ ലാൽ വി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-6 | 24200 | ഡോ.സജിൻ ലാൽ വി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-8 | 1,00,000 | ഡോ.സ്മിജിഷ എ എസ്, വെറ്റിനറി സർജൻ |
| 3-12 | 2,50,000 | ശ്രീമതി. ജസി, കൃഷി ഓഫീസർ |
| ആകെ | 4,44,200 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| - | - | - |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1996-97 | എൽ.എഫ്.എം.14/890/01 തിയ്യതി: 06.07.2002 | 9 | |
| 1997-98 മുതൽ 2001-02 വരെ (സ്പെഷ്യൽ റിപ്പോർട്ട്) | എൽ.എഫ്.എം.4/1128/03 തിയ്യതി: 03.01.2004 | 88 | |
| 2002-03 | എൽ.എഫ്.എം.15/2299/08 തിയ്യതി: 29.5.2009 | 4 | |
| 2003-04 | എൽ.എഫ്.എം.15/930/11 തിയ്യതി: 22.03.2012 | 26 | |
| 2004-05 | എൽ.എഫ്.എം.15/930/11 തിയ്യതി: 22.03.2012 | 21 | |
| 2005-06 | എൽ.എഫ്.എം.15/790/2010 തിയ്യതി: 10.07.2012 | 6 | |
| 2006-07 | എൽ.എഫ്.എം.15/791/10 തിയ്യതി: 20.06.2012 | 13 | |
| 2007-08 | എൽ.എഫ്.എം.18/669/2011 തിയ്യതി: 18.02.2012 | 18 | |
| 2008-09 | എൽ.എഫ്.എം.18/669/2011 തിയ്യതി: 25.12.2012 | 7 | |
| 2009-10 2010-11 | എൽ.എഫ്.എം.24/247/14 തിയ്യതി: 05.12.2014 | 10 | |
| 2013-14,2014-15 | നം .കെ.എസ്.എ.എം.പി.എം.24/1924/2016 തീയ്യതി 05/08/2016 | 13 | |
| 2015-16 | കെ.എസ്.എ.എം.പി.എം.24/54/2017 തീയതി.07.02.2017 | 25 | |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

# <u>അനുബന്ധം -1 ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ.എം.പി.എം.16/2219/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി 13.11.2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നന്നംമുക്ക് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം

# അനുബന്ധം -2 AUDIT CERTIFICATE

No.KSA/MPM16/2219/2017

Kerala State Audit Department
District office ,Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date: 13.11.2017

Certified that I have audited the Annual Financial Statement of Nannammukk Grama panchayath in Malappuram District of the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Nannammukk Grama panchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Deputy Director

State Audit Department

Malappuram